105

ഭാവനാ ചിത്രയുടെ

# അനന്തശയനം



നിർമ്മാണം, സംവിധാനം

കെ. സുകു

അംബികാ റിലീസ്

ഭാവനാ ചിത്രയുടെ

# അനന്തശയനം

മലയാളം

## അഭിനേതാക്കൾ

| | | |
|---|---|---|
| ഷീല | — | ചന്ദ്രമോഹൻ |
| ജയഭാരതി | — | ഉമ്മർ |
| സുജാത | — | കൊട്ടാരക്കര |
| മീന | — | ഭാസി |
| ഓമന | — | ബഹദൂർ |
| പ്രേമ | — | N. ഗോവിന്ദൻകുട്ടി |
| രാധാമണി | — | നെല്ലിക്കോട്ട് ഭാസ്കരൻ |
| രതിശ്രീ | — | തൊടുപുഴ രാധാകൃഷ്ണൻ |
| രാഘവമേനോൻ | | മഞ്ചേരിചന്ദ്രൻ |

വിതരണം

## അംബികാ ഫിലിംസ്

ആററിങ്ങൽ

## തിരശ്ശീലയ്ക്കു പിന്നിൽ

| | |
|---|---|
| അവതരണം:- | ഭാവനാ ചിത്ര |
| കഥ:- | കാട്ടാക്കട ദിവാകരൻ |
| തിരക്കഥ സംഭാഷണം:- | ജഗതി |
| ഗാനങ്ങൾ:- | ശ്രീകുമാരൻതമ്പി |
| സംഗീതം:- | കെ. രാഘവൻ |
| പശ്ചാത്തല സംഗീതം:- | ആർ, കെ; ശേഖർ |
| പാടിയതു്:- | ജയചന്ദ്രൻ, ബ്രഹ്മാനന്ദൻ |
| | എസ്. ജാനകി, വസന്ത |
| കല:- | എസ്സ്. കൊന്നനാട്ട് |
| മേക്കപ്പ്:- | ബാലകൃഷ്ണൻ |
| വസ്ത്രാലങ്കാരം:- | നടരാജൻ |
| എഡിറ്റിംഗ്:- | വെങ്കിട്ടരാമൻ |
| പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്സ്:- | കുരിയൻ & ലക്ഷ്മണൻ |
| സംവിധാന സഹായം:- | കാർമ്മൻ അലക്സ് & അബു |
| ഛായാഗ്രഹണ സംവിധാനം:- | മെല്ലിഇറാണി |
| സംവിധാനം:- | സുകു |

## കഥാസാരം:-

അനന്തശയനം—

ഇന്നത്തെ തിരുവനന്തപുരം നഗരത്തിന്റെ അന്നത്തെ പേരാണത്.

കഥ നടന്നത് തിരുവനന്തപുരത്താണ്. യൂണിവേഴ്സിററി കോളേജിലെ ലക്ചറർ ആയിരുന്ന മിസ് ഓമനാജോർജ്ജിനെ കഴിഞ്ഞ ഒരു കാലഘട്ടത്തിലെ വിദ്യാത്ഥിസമൂഹത്തിന് നേരിട്ടറിയാം. ആദരവോടും ഭക്തിയോടും ആ ശിഷ്യഗണങ്ങൾ അവരെ തൊഴുതിട്ടുണ്ട്. മഹാപണ്ഡിതനും മനുഷ്യസ്നേഹിയുമായിരുന്ന പ്രൊ: ജോർജ്ജ്സാറിന്റെ മൂത്ത മകളാണ് ഓമനാജോർജ്ജ്, സകല സൗഭാഗ്യങ്ങളും ആ കുടുംബത്തിനുണ്ടായിരുന്നു. പക്ഷേ ദാമ്പത്യസൌഭാഗ്യം ഓമനാജോർജ്ജിനുണ്ടായിരുന്നില്ല. കാലം കാത്തുനിന്നില്ല. അനുജത്തി മോളി വിവാഹിതയായി ഭത്താവുമൊന്നിച്ചു കുവൈററിലേക്കുപോയി.

പഠിക്കാൻ സമത്ഥരായ വിദ്യാത്ഥികളോട് മിസ്സ് ഓമനക്ക് വളരെ സ്നേഹമാണ്. അവക്ക് കഴിവിനൊത്ത് സാമ്പത്തീകസഹായം ചെയ്യാനും ആ സ്നേഹമതിയായ ലക്ചറർ മടിച്ചിരുന്നില്ല, ഓമനാജോർജ്ജിന്റെ ഈ സ്നേഹവായ്പുകൊണ്ടാണ്, പണ്ടത്തെ കോളേജ് പ്യൂണായിരുന്ന അമ്മാവൻ ശങ്കരപിള്ളയുടെ ഇളയമകൾ വിമല ബി. എസ്സ്. സി ഫസ്റ്റ്ക്ലാസ് ഫസ്റ്റ് റാങ്കിൽ പാസ്സായത്, വിമലക്ക് ഫീസും പുസ്തകങ്ങളും വസ്ത്രങ്ങൾവരെ മിസ്സ് ഓമനയായിരുന്നു വാങ്ങികൊടുത്തിരുന്നത്. വിമലയുടെ അമ്മയെ നമ്മിൽ പലരും കണ്ടിരിക്കും. തിരുവനന്തപുരം കോട്ടയ്ക്കകത്താണ് താമസം, പൊന്നമ്മയക്കൻ, കൊട്ടാരം അടിച്ചുതളിയായിരുന്നു, ഇപ്പോൾ സ്വന്തം ഗ്രഹഭരണത്തിലാണ് അസനവില്ലാതിതേച്ചു കുളിക്കു. വിമലയുടെ ജ്യേഷ്ടത്തിയെ ഒരു കലാകാരിയാക്കാനുള്ള ശ്രമത്തിലാണ്. അവൾ ഒരു നാദസ്വരവിദൂഷിയാകണം പൊന്നമ്മയക്കന്റെ ആഗ്രഹം അതാണ്. പാലുമാധവൻപിള്ളയും ഹെഡ് കോൺസ്റ്റബിൾ ബാലൻപിള്ളയും പൊന്നമ്മയക്കന്റെ കാന്തി പ്രചുരിമയിൽ ചിറകുകരിഞ്ഞുവീണ ഭാഗ്യവാന്മാരാണ്,

പ്രൊഫസർ ജോർജ്ജ് പണ്ട് ചങ്ങനാശേരിയിൽ ഉദ്യോഗത്തിലിരുന്നപ്പോൾ അവിടത്തെ ഭാർഗ്ഗവിയമ്മ ടീച്ചറുടെ കുടുംബവുമായി പരിചയപ്പെട്ടു. ഭാഗ്ഗവിയമ്മക്ക് മൂന്നു സന്താനങ്ങളാണ്. ചന്ദ്രനും, രാധയും, ഉണ്ണികൃഷ്ണനും. ഉണ്ണികൃഷ്ണൻ എന്ന നാണംകുണ

ങ്ങിയെ പ്രൊഫസ്സരുടെ ഓമന—അന്നു് കൌമാര പ്രായത്തിലായിരുന്ന—ടീച്ചറായി അഭിനയിച്ച് വടിയോങ്ങി ഭയപ്പെടുത്തും. ഉണ്ണികൃഷ്ണൻ കരയും കരയുമ്പോൾ മനസ്സലിഞ്ഞു് അവനെ ഒക്കത്തെടുത്തുകൊണ്ട് ഓമന പറമ്പുമുഴവൻ നടക്കും. ഭാഗ്യവിയമ്മയുടെ വക ഒരു വീട്ടിലായിരുന്നു അന്നു പ്രൊഫസ്സറും കുഡുംബവും താമസിച്ചിരുന്നതു്.

സംവത്സരങ്ങൾ കഴിഞ്ഞു.

പ്രൊഫസരുടെ കുഡുംബം തിരുവനന്തപുരത്തുവന്നു. സ്വന്തം ബംഗ്ലാവും ഒരു പ്രസ്സും ജോർജ്ജ്സാറിനുണ്ട് പ്രസ്സിൻെറ ചുമതല പ്രൊഫസർ ചന്ദ്രനെ ഏല്പിച്ചതു് പണ്ടത്തെ സ്നേഹബന്ധംകൊണ്ടാണു്. മിസ്സ് ഓമന ലക്ചററായി. ഉണ്ണികൃഷ്ണൻ വളന്നു് പുരുഷനായി, എങ്കിലും നാണം വിട്ടുമാറിയിട്ടില്ല. ബി. എഡ് നു് തോൽക്കുകയും ചെയ്തു. അവധിക്ക് ഭാഗ്യവിയമ്മയും, രാധയും ഉണ്ണികൃഷ്ണനും തിരുവനന്തപുരത്തുവന്നു. ഉണ്ണികൃഷ്ണന്റെ പഠിത്തം ശരിയാകണമെങ്കിൽ അവൻ തിരുവനന്തപുരത്തു് ചേട്ടൻെറകൂടെ കഴിയണമെന്നു് ഭാർഗ്ഗവിയമ്മ തീരുമാനിച്ചു. ഉണ്ണി ഊർജ്ജസ്വലതയുള്ള ഒരു യുവാവാകാൻ നഗരജീവിതം ഉതകുമെന്നു് എല്ലാവരും വിചാരിച്ചു.

മിസ്സ് ഓമനാജോർജ്ജിനെ ഉണ്ണിക്ക് ഇന്നും ഭയമാണു്. അടുത്ത വഷമെങ്കിലും അവനെ ജയിപ്പിക്കണമെന്നും ആ ചുമതല ഏറെറടുക്കണമെന്നും ചന്ദ്രൻ മിസ്സ് ഓമനയോടു് അപേക്ഷിച്ചു. ഓമന ഉറക്കെ ശബ്ദിച്ചാൽ ഉണ്ണികൃഷ്ണൻ ചൂളിപ്പോകും.

ആയിടക്കാണു് മദിരാശിയിൽ ഒരു സയിൻസ് സംബന്ധമായ സെമിനാർ നടന്നതു്. ആസ്ത്മരോഗം ബാധിച്ച പ്രൊഫസക്ക് മകളോടൊത്തു് യാത്രചെയ്യാനുള്ള കഴിവുമില്ല. ഉണ്ണികൃഷ്ണനാണെങ്കിൽ മദിരാശി കാണാൻ വളരെ ആഗ്രഹവുമാണു്. ശിവാജിഗണേശനേയും, എം. ജി. ആറിനേയും നേരിട്ട് ഉണ്ണികൃഷ്ണനു് ഒന്നു കാണണം കൊച്ചുനാളിലെ തുടങ്ങിയ ഒരു ആശയാണു്. ജ്യേഷ്ഠനോടു് അനുവാദം വാങ്ങി അവൻ അവൻെറ ഓമന ടീച്ചറുമായി മദിരാശി വൻ നഗരത്തിലെത്തി.

ഒരു ഹോട്ടലിൽ അവരൊരുമിച്ചു് ഒന്നു രണ്ടു ദിവസം താമസിച്ചു...

ആ താമസം......

അന്നത്തെ മിന്നലും മഴയും ......

കൈവരിയിൽ റോസാച്ചെടി......കവിളത്തു് കണ്ണുനീർച്ചാലുകൾ സൃഷ്ടിച്ച രംഗങ്ങൾ......

ഉണ്ണിപുരുഷനായതു് ആ ഹോട്ടലിൽ വച്ചാണു്......

മദിരാശിയിൽ നിന്നും മടങ്ങിയെത്തിയ മിസ്സ് ഓമന പഴയ ഓമനാജോർജ്ജ് അല്ലാതായി.

തിരുവനന്തപുരം നഗരത്തിലെ ഭിത്തികളിൽ ആ പേരു് കരിക്കട്ടകൊണ്ടെഴുതപ്പെട്ടു! സദാചാരത്തിന്റെ കുത്തകക്കാരായ പലരും കാക്കിച്ചു തുപ്പി!! ഉൽകൃഷ്ടകുല ജാതയും സംസ്കാര സമ്പന്നയും ദീനാനുകമ്പയുള്ളവളുമായ മിസ്സ് ഓമന ഇപ്പോൾ നിന്ദ്യയായി...പതിതയായി...അഭിശപ്തയായി.

കുവൈറ്റിൽ നിന്നും വന്ന മോളിയാണു് ആ രംഗവും കണ്ടുപിടിച്ചതു്. അതോടെ ആ ബംഗ്ലാവിന്റെ അധിപമോളിയായി. അപമാനഭാരം താങ്ങാനാവാതെ ഓമന സ്ഥലംമാററത്തിനു ശ്രമിച്ചു. പാലക്കാട്ടേക്കു് മാററംകിട്ടി സ്വന്തം വീട്ടിൽ നിന്നും പണമെടുക്കാൻ അനുജത്തി മോളി സമ്മതിച്ചില്ല. തന്റെ വാത്സല്യതിടമ്പായ വിമലയെ വിട്ടുപിരിയാൻ ഓമനക്കു് പ്രയാസമായി, അവളുടെ ചിലവുകൾ നടത്തണം സ്വന്തം സ്വർണ്ണവളകൾ ഓമന ഊരി വിമലക്കു് കൊടുത്തു നനഞ്ഞ കണ്ണുകളോടെ അനുഗ്രഹിച്ചു യാത്രയായി.

ഉണ്ണികൃഷ്ണന്റെ ഭാവവും രീതിയും സംഭാഷണവുമൊക്കെമാറി. ജ്യേഷ്ഠനോട് കയർത്തു് ഉണ്ണി അക്കാര്യം ആവശ്യപ്പെട്ടപ്പോൾ ചന്ദ്രനും ഭാര്യയും ഞെട്ടിപ്പോയി—ചരാചരങ്ങൾ സ്തംഭിച്ചുപോയി എന്നു തോന്നി.

'എനിക്കോമന ടീച്ചറെ വിവാഹം കഴിക്കണം' ഉണ്ണിയുടെ ആവശ്യം അതാണു്...

തുടർന്നുള്ള വൈകാരിക സംഘട്ടനങ്ങളിലേക്കു് സ്തോഭജനകങ്ങളായ രംഗങ്ങളിലേക്കു് 'ഭാവനാചിത്ര' സാദരം ഇതാ കൈക്കൂപ്പി ക്ഷണിച്ചുകൊള്ളുന്നു...

അനന്തശയനം

അതിശയോക്തിപരമല്ല, മജ്ജയും മാംസവും രക്തവും ഉള്ള ജീവിതകഥ—

വെറും സങ്കല്പകഥാപാത്രങ്ങളല്ല, നാം നിത്യവും കാണുന്ന മനുഷ്യർ!

## ഗാനം 1

എഴുതിയതു — ശ്രീകുമാരൻതമ്പി സംഗീതം— കെ. രാഘവൻ

പാടിയതു് — ബ്രഹ്മാനന്ദൻ

മാരിവിൽ ഗോപുര വാതിൽ തുറന്നു
മാലാഖയായ് നീ വന്നു
ആദ്യാനുരാഗത്തിൻ ഹർഷാനുഭൂതിയിൽ
ആത്മാവിൻ ആരാമം പൂത്തു. [മാരിവിൽ]

മണ്ണിലെ മോഹത്തിൽ തളിരായ് വിടർന്ന ഞാൻ
എൻ നില പാടേ മറന്നുപോയ്
ആരോമലാളുമൊത്താകാശ തീർത്ഥത്തിൽ
ആറാട്ടുവാൻ ഞാൻ കൊതിച്ചുപോയ്
[മാരിവിൽ]

ചെല്ലച്ചിറകു വളരാത്ത ഞാനെന്റെ
കല്യാണ മണ്ഡപം തേടി
എങ്ങിനെ മാനത്തു പൊങ്ങി പറക്കുവാൻ
എന്തിനായ് മാടി വിളിച്ചു. [മാരിവിൽ]

## ഗാനം 2

എഴുതിയതു് — ശ്രീകുമാരൻതമ്പി സംഗീതം— കെ. രാഘവൻ

പാടിയതു് — വസന്ത

ദുഃഖത്തിൻ ഗാഗുൽത്താമലയിൽ-ഈ
ദുഃസ്വപ്നരാത്രിതന്നിരുളിൽ
എന്നാത്മാവും മരക്കുരിശേന്തി
എന്റെ പിതാവേ...എന്റെ പിതാവേ

തിരുഹൃദയത്തിൻ സൗരഭം പൂശി
തൃക്കൈകളാലെനിക്കേകിയ പാത്രം
സ്വർണ്ണസ്വപ്നങ്ങൾ പകർന്നതാണിന്നലെ
ഇന്നതിൽ കണ്ണുനീർ മാത്രം

തിരുസന്നിധിയിൽ തിരുനാമത്തിൽ
ഹൃദയം കൊണ്ടു ഞാൻ നാട്ടിയ ദീപം
പൊൻ താരകം പോൽ എരിഞ്ഞതാണിന്നലെ
ഇന്നതു കരിന്തിരിയായ്—ഈശോ

## ഗാനം 3

എഴുതിയതു് - ശ്രീകുമാരൻതമ്പി സംഗീതം - കെ. രാഘവൻ
പാടിയതു് - എസ്സ്. ജാനകി

സന്ധ്യാമേഘം മാനത്തെഴുതി
സംഗമ സന്ദേശ കാവ്യം
ആരംഗ കവിതതൻ പല്ലവി പാടാൻ
അണയൂ നീയെന്നരികിൽ [സന്ധ്യാ]
സോമ കിരണ മനോഹര ധാരയിൽ
പ്രേമ വാടികയുലയുന്നു
കരകാണാത്ത വികാര സാഗരം
കന്യകയെയന്നെയുണർത്തുന്നു [സന്ധ്യാ]
ആലിംഗന ലയ നിർവൃതിയേകി
ആരാമ പവനൻ പാടുന്നു
അടിമുടി പൂക്കും ആനന്ദപുളകം
ആശകൾ നുള്ളിയുണർത്തുന്നു [സന്ധ്യാ]

## ഗാനം 4

എഴുതിയതു് - ശ്രീകുമാരൻതമ്പി സംഗീതം - കെ. രാഘവൻ
പാടിയതു് - എസ്സ്. ജാനകി

ഉദയചന്ദ്രികേ രജത ചന്ദ്രികേ__
ഉദ്യാന പുഷ്പത്തിൻ പ്രേമ കവാടം,
തുറന്നുതരു തുറന്നു തരു,
ഒരു ശലഭത്തിൻ ചുണ്ടുവരണ്ടു
ഒരു തൈ തെന്നൽ നിന്നു മുരണ്ടു
പതിമതി കനിയൂ പരിരംഭന സുഖമരുളൂ
വിടരട്ടെ മലർ വിടരട്ടെ__ [ഉദയ ചന്ദ്രികേ]
കരളിൽ കാമുക സന്ദേശവുമായ്
കവിളിൽ ചുംബന മണിമുദ്രയുമായ്
അലയുകയാണൊരു പൊൻമുകിലേതോ
അളകാപുരിതേടി
വഴികാട്ടൂ... വഴികാട്ടൂ... [ഉദയ ചന്ദ്രികേ]


## ഗാനം 5

എഴുതിയത് – ശ്രീകുമാരൻതമ്പി സംഗീതം– കെ. രാഘവൻ
പാടിയത് – ജയചന്ദ്രൻ

മാനവഹൃദയം ഭ്രാന്താലയം
മാറാത്ത രോഗത്തിൻ നൃത്താലയം
ഓരോവികാരവും ഓരോഭ്രാന്തൻ
ഓടിയലഞ്ഞു മരിക്കും പാന്ഥൻ [മാനവ]

അതിരുകൾ കാണാത്തഭൂമി
അതിലൊരു ബിന്ദുവാം മനുഷ്യൻ
ജീവിതമെന്നൊരു വ്യാമോഹ സ്വപ്നത്തെ
തേടുന്നു നിദ്രയ്ക്കു മുമ്പേപാവം
വ്യർത്ഥം, ഈ വഴിയാത്രാ. [മാനവ]

കാൽവരി വീണ്ടും കരഞ്ഞു
കരുണയോ കുരിശിൻ പിടഞ്ഞു
പാപം ചെയ്യുന്ന സമൂഹ്യദൈവങ്ങൾ
പാപിയെ കല്ലെറിഞ്ഞു.
ഈ പാപിയെ കല്ലെറിഞ്ഞു.
വ്യർത്ഥം...ഈ മൂഢസ്വപ്നം [മാനവ]



# ഉടൻ
# പ്രതീക്ഷിപ്പിൻ!

ദണ്ഡായുധപാണി
ഫിലിംസ് അവതരിപ്പിക്കുന്ന

തേവറിൻ

# ദൈവം

(തമിഴ് ഈസ്റ്റ്മാൻ കളർ)

തെക്കെ ഇൻഡ്യയിലെ [illegible] പ്രശസ്ത പുണ്യക്ഷേത്രങ്ങളി[illegible]ലെ ഉൽസവങ്ങൾ ഇദംപ്രദമമായി വെള്ളിത്തിരയിൽ കണ്ടാനന്ദിക്കുവാനുള്ള അസുലഭാവസരം.

തെക്കെ ഇൻഡ്യയിൽ നിർമ്മിച്ചിട്ടുള്ളതിൽ വച്ചേററവും വലിയ പുരാണചിത്രം.

deepthi printers, tvm.